Break the chain

തുഞ്ചത്ത് എഴുത്തച്ഛൻ
മലയാളസർവ്വകലാശാല

വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

(ഭരണവിഭാഗം)

നം. 924/2020/എ1/അഡ്മിൻ./വാല്യം II തീയതി: 06.08.2021

## വിജ്ഞാപനം

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലയിൽ ഒഴിവുള്ള രജിസ്ട്രാർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് സംസ്ഥാനത്തെ സർവകലാശാലകളിലെ നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകർ അവരുടെ സ്ഥാപനമേധാവിയിൽ നിന്നും ലഭിച്ച നിരാക്ഷേപ സാക്ഷ്യപത്രം (NOC) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**I. യോഗ്യതകൾ:**

1. അംഗീകൃത സർവകലാശാലയിൽ നിന്ന് 55% ൽ കുറയാത്ത മാർക്കോടെ ഏതെങ്കിലും വിഷയത്തിലുള്ള ബിരുദാനന്തരബിരുദമോ തത്തുല്യമായ യു.ജി.സി. 7 പോയിന്റ് സ്കെയിലിലുള്ള ബി ഗ്രേഡോ.
2. അസിസ്റ്റന്റ് പ്രൊഫസർ/അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ 15 വർഷത്തിൽ കുറയാത്ത അദ്ധ്യാപന പ്രവൃത്തി പരിചയം അഥവാ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ 8 വർഷത്തിൽ കുറയാത്ത അദ്ധ്യാപന പ്രവൃത്തി പരിചയത്തോടൊപ്പം വിദ്യാഭ്യാസരംഗത്ത് 5 വർഷത്തിൽ കുറയാത്ത ഭരണപരിചയം.

**II. പ്രായം:**

01.01.2021 ന് കുറഞ്ഞ പ്രായം 40 വയസ്സ് പൂർത്തിയാക്കേണ്ടതും; കൂടിയത് 50 വയസ്സിൽ അധികരിക്കാൻ പാടില്ലാത്തതുമാകുന്നു. സംവരണവിഭാഗത്തിൽ പെടുന്നവർക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃത വയസ്സിളവ് അനുവദിക്കുന്നതാണ്. അപേക്ഷകർക്ക് നോട്ടിഫിക്കേഷൻ തീയതി മുതൽ ചുരുങ്ങിയത് മൂന്നു വർഷമെങ്കിലും സർവീസ് ഉണ്ടായിരിക്കേണ്ടതാണ്.

**III. ശമ്പളം:**

യു.ജി.സി. സ്കെയിലിൽ 37400-67000+10000 AGP (Pre-revised)

**IV. നിയമനകാലാവധി:**

നിയമനം ലഭിക്കുന്ന തീയതി മുതൽ 1 വർഷമോ സ്ഥിരനിയമനം നടക്കുന്നത് വരെയോ ഏതാണോ ആദ്യം അതുവരെ.

**V. അപേക്ഷ സമർപ്പിക്കേണ്ട വിധം:**

സംസ്ഥാനത്തെ സർവകലാശാലകളിൽ ജോലിയിലിരിക്കുന്ന അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ കുറയാത്ത റാങ്കിലുള്ള അദ്ധ്യാപകർ വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷകൾ പ്രായം, യോഗ്യത, പ്രവൃത്തിപരിചയം, ജാതി, വയസ്സിളവിനുള്ള അർഹത എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, ഇ-മെയിൽ വിലാസം, മൊബൈൽ നമ്പർ എന്നിവ സഹിതം സ്ഥാപനമേധാവി മുഖാന്തിരം

13.08.2021 ന് 5 മണിക്ക് മുമ്പായി സർവകലാശാലാ ഓഫീസിൽ ലഭിക്കത്തക്കവിധത്തിൽ **രജിസ്ട്രാർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല, വാക്കാട് പി.ഒ., തിരൂർ – 676 502, മലപ്പുറം ജില്ല, കേരള** എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

**VI.** അപേക്ഷകർ അസ്സൽ സർട്ടിഫിക്കറ്റുകൾ/ഡോക്യുമെന്റ്സ് ഇന്റർവ്യൂ സമയത്ത് ഹാജരാക്കേണ്ടതാണ്.

**VII.** മറ്റു സർവകലാശാലകളിൽ നിന്നും യോഗ്യത നേടിയ അപേക്ഷകർ അപേക്ഷയോടൊപ്പം തുല്യതാ സർട്ടിഫിക്കറ്റുകൾ ഉൾക്കൊള്ളിച്ചിരിക്കണം.

**VIII.** ഇന്റർവ്യൂവിനുള്ള മെമ്മോ, നിയമന ഉത്തരവ്, അപേക്ഷ നിരസിച്ചുകൊണ്ടുള്ള മെമ്മോ എന്നിവ അയക്കുന്നതുൾപ്പെടെയുള്ള എല്ലാ ആശയവിനിയമങ്ങളും ഇ-മെയിൽ വഴി മാത്രമായിരിക്കും.

രജിസ്ട്രാർ ഇൻ ചാർജ്